പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3367

08-11-2019-ൽ മറുപടിക്ക്

**മണ്ണ് സംരക്ഷണവകുപ്പിന്റെ മേൽനോട്ടത്തിൽ പ്രവൃത്തികൾ**

**ചോദ്യം**

ശ്രീ.എൽദോ എബ്രഹാം

**മറുപടി**

ശ്രീ. വി.എസ്. സുനിൽ കുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണവകുപ്പിന്റെ മേൽനോട്ടത്തിൽ നടക്കുന്ന പ്രവൃത്തികൾ ഇ-ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രവർത്തികൾ കാലാകാലങ്ങളിലെ സർക്കാർ ഉത്തരവുകൾ പ്രകാരം ഇ-ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് |
| (ബി) | പ്രസ്തുത വകുപ്പിലെ പ്രവൃത്തികളുടെ മേൽനോട്ടം സംബന്ധിച്ച ജീവനക്കാരുടെ അധികാരപരിധിയും ചുമതലയും നിർവചിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | നീർത്തടാടിസ്ഥാനത്തിലുള്ള മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളാണ് മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് നടപ്പിലാക്കുന്നത്. 15.11.1975 - ലെ ജിഒ(പി) നം.380/75/എഡി നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അനുമതി ലഭിച്ച സോയിൽ കൺസർവേഷൻ കോഡ് പ്രകാരമാണ് വകുപ്പിലെ എല്ലാ പദ്ധതി പ്രവർത്തനങ്ങളും നടപ്പിലാക്കുന്നത്. |
| (സി) | ചെക്ക് ഡാമുകൾ അടക്കമുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനായി എഞ്ചിനീയറിംഗ് സാങ്കേതിക പരിജ്ഞാനമുള്ള ജീവനക്കാരുടെ സേവനം നിലവിൽ ലഭ്യമാണോ; ഇല്ലെങ്കിൽ അതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) | ചെക്ക്ഡാമുകൾ അടക്കമുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനായി എഞ്ചിനീയറിംഗ് സാങ്കേതിക പരിജ്ഞാനമുള്ള ജീവനക്കാരുടെ സേവനം വകുപ്പിൽ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ